## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2542** **07-07-2022 - ൽ മറുപടിയ്ക്ക്**

## ട്രാക്കോ കേബിൾ കമ്പനിക്ക് കൂടുതൽ ഓർഡറുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ട്രാക്കോ കേബിൾ കമ്പനി എംപ്ലോയിസ് യൂണിയൻ (സി.ഐ .ടി.യു) ഇരുമ്പനം,ട്രാക്കോ കേബിളിന് കൂടുതൽ ഓർഡറുകൾ ലഭിക്കുന്നതിനും മുൻകാലങ്ങളിൽ കിട്ടികൊണ്ടിരുന്ന പ്രൈസ് പ്രിഫറൻസ് ഉൾപ്പെടെയുള്ള സഹായങ്ങൾ ലഭിക്കുന്നതിനുമായി സമർപ്പിച്ച നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വ്യക്തമാക്കാമോ; | (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡിൽ എ.സി.എസ്.ആർ കണ്ടക്ടറുകൾ വാങ്ങിവരുന്നത് അതത് സമയങ്ങളിൽ ഗവൺമെന്റ് പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമാണ്. 2018 മുതൽ 2021 മാർച്ച് വരെ കെ.എസ്.ഇ.ബി.എൽ കണ്ടക്ടറുകൾ വാങ്ങി വന്നിരുന്നത്. GO (Rt) No.54/2018/SPD തീയതി 19.12.2018, GO(Rt) No.39/Power തീയതി 07.03.2020 എന്നിവയുടെ അടിസ്ഥാനത്തിലായിരുന്നു. പ്രസ്തുത ഉത്തരവുകൾ പ്രകാരം എ.സി.എസ്.ആർ കണ്ടക്ടറുകൾ ദർഘാസ് നടപടിക്രമങ്ങൾ ഒഴിവാക്കി സ്റ്റേററ് പി.എസ്.യു/ ലോക്കൽ എം.എസ്.എം.ഇ എന്നിവരിൽ നിന്നും നിശ്ചിത ക്വാണ്ടിറ്റി (55:45) അനുപാതത്തിൽ വാങ്ങിക്കുവാൻ നിഷ്കർഷിച്ചിരുന്നു. എന്നാൽ 18.09.2020 ൽ കേരള സർക്കാർ, സ്റ്റേറ്റ് പി.എസ്.യു/ലോക്കൽ എം.എസ്.എം.ഇ യൂണിറ്റുകൾക്ക് ബാധകമായ പുതിയ ഉത്തരവുകൾ G.ONo.(Rt) No.5382/2020/Fin തീയതി 18.09.2020 G.O.(Rt)No.8284/2021/Fin തീയതി 20.12.21 എന്നിവ ധനകാര്യ വകുപ്പ് പുറപ്പെടുവിക്കുകയുണ്ടായി. ഈ ഉത്തരവ് നിലവിൽ വന്നതോടുകൂടി ഈ വിഷയവുമായി ബന്ധപ്പെട്ട് മുൻകാലങ്ങളിൽ ഇറങ്ങിയതും നിലവിൽ പ്രാബല്യത്തിൽ ഉള്ളതുമായ എല്ലാ ഉത്തരവുകളും അസാധുവായി തീർന്നതായി പ്രസ്തുത ഉത്തരവിൽ തന്നെ വ്യക്തമാക്കിയിട്ടുണ്ട്. ഈ പുതിയ ഗവൺമെന്റ് ഉത്തരവ് പ്രകാരമാണ്, 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള എ.സി.എസ്.ആർ കണ്ടക്ടറുകൾ സപ്ലൈ ചെയ്യുന്നതിനുള്ള ദർഘാസ് ക്ഷണിച്ചിരുന്നത്.<br><br>പ്രസ്തുത ഉത്തരവ് പ്രകാരം സ്റ്റേറ്റ് പി.എസ്.യു/ ലോക്കൽ എം.എസ്.എ.ഇ കൾക്ക് 50% പർച്ചേസ് |

| | | | |
|---|---|---|---|
| | | | പ്രിഫറൻസും 15% പ്രൈസ് പ്രിഫറൻസും ബാധകമാണ്. ഇതനുസരിച്ച് സ്റ്റേറ്റ് പി.എസ്.യു/ ലോക്കൽ എം.എസ്.എം.ഇ കൾക്ക് റിസർവ് ചെയ്തിട്ടുള്ള 50% ക്വാണ്ടിറ്റിയുടെ 34% (22076km), 15% പ്രൈസ് പ്രിഫറൻസോട്ടുകൂടി 98.84 കോടി രൂപയുടെ പർച്ചേസ് ഓർഡർ (നമ്പർ SCM.40/2021-22/2764 തീയതി 20.07.2021) പ്രകാരം ടാക്കോയ്ക്ക് നൽകിയിട്ടുണ്ട്.<br><br>പ്രസ്തുത പർച്ചേസ് ഓർഡർ പ്രകാരം മാർച്ച് 2022- ന് അകമാണ് സപ്ലൈ പൂർത്തീകരിക്കേണ്ടിയിരുന്നത്. എന്നാൽ 10907 km കണ്ടക്ടറുകൾ മാത്രമേ ടാക്കോ ഇതുവരെ സപ്ലൈ ചെയ്തിട്ടുള്ളൂ. തുടക്കം മുതലെ ഡെലിവറി ഷെഡ്യൂളിനു പുറത്താണ് ടാക്കോ സപ്ലൈ ചെയ്തിരുന്നത്. കൂടാതെ പ്രൈസ് വേരിയേഷനോട്ടുകൂടി ഡെലിവറി ഷെഡ്യൂൾ നീട്ടി നൽകണമെന്ന് അപേക്ഷിക്കുകയുണ്ടായി.<br><br>ടാക്കോയുടെ അപേക്ഷ പരിഗണിച്ചശേഷം സപ്ലൈ പൂർത്തീകരിക്കാനും അതിനുശേഷം പ്രൈസ് വേരിയേഷനോട് കൂടി ഡെലിവറി ഷെഡ്യൂൾ നീട്ടി നൽകുന്നകാര്യം പരിഗണിക്കുന്നതാണെന്നും കെ.എസ്.ഇ.ബി.എൽ തീരുമാനിക്കുകയുണ്ടായി. പ്രസ്തുത വിവരം ടാക്കോയെ അറിയിച്ചിട്ടുള്ളതുമാണ്. |
| (ബി) | പ്രസ്തുത നിവേദനത്തിൽ ഡയറക്ടർ (പ്ലാനിംഗ് &എസ് സി എം) റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത നിവേദനം കെ.എസ്.ഇ.ബി.എൽ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ